(സി) 2013 മാർച്ച് 31-ാം തീയതിക്കോ അതിനു മുമ്പോ നടത്തിയിട്ടുള്ളതോ, പൂർത്തീകരിച്ചിട്ടുള്ളതോ ആയിട്ടുള്ളതും ; എന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 406-ാം വകുപ്പ്, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XX എന്നിവ പ്രകാരം നഗരസഭാ സെക്രട്ടറിക്ക് ക്രമവൽരിക്കുവാൻ അധികാരമില്ലാത്തതുമായ നിർമ്മാണങ്ങളാണ് ടി ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരണത്തിന് പരിഗണിക്കുന്നത്. ടി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 എ വകുപ്പ്, ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം അംഗീകരിച്ച ടൗൺ പ്ലാനിംഗ് സ്കീമുകൾക്കും മറ്റു നിയമങ്ങൾക്കും അവയ്ക്കു കീഴിലുള്ള ചട്ടങ്ങൾ/ബൈലോകൾ/വിജ്ഞാപനങ്ങൾ എന്നിവയ്ക്കും മറ്റും അനുസൃതമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ ക്രമപാർശ ചെയ്യുന്നതല്ല. പുറമേ ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. കൂടാതെ ടി ക്രമവൽക്കരണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന വിധമുള്ള നടപടിക്രമങ്ങളും പാലിച്ചിരിക്കണം. ക്രമവൽക്കരണത്തിന് ടി ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസും ഒടുക്കേണ്ടതാണ്.

(ഡി) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻസ്) ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കപ്പെടാത്ത പക്ഷം അത്തരം കെട്ടിടങ്ങൾക്കെതിരെ, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 പ്രകാരമുള്ള നടപടിക്രമങ്ങൾ നഗരസഭാ സെക്രട്ടറിമാർ സ്വീകരിക്കുന്നുണ്ട്. മേലിൽ അനധികൃത നിർമ്മാണങ്ങളുണ്ടായാൽ ആയവ കർശനമായി നേരിടുന്നതിനായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

തൊഴിൽ കരം

296 (3277) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ തൊഴിൽ കരം ഈടാക്കുന്ന എല്ലാ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും പേര്, വിലാസം, ഫോൺ നമ്പർ എന്നിവ സഹിതമുള്ള ലിസ്റ്റ് നഗരസഭയിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിവരം തയ്യാറാക്കി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ തൊഴിൽ കരം ഈടാക്കുന്ന എല്ലാ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും ഫോൺ നമ്പർ ഒഴികെയുള്ള ലിസ്റ്റ് നഗരസഭയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly